**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 966** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാങ്കേതികത്വത്തിൽ കുടുങ്ങിയ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടത്തിയ ഫയൽ അദാലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ എത്രത്തോളം പരിഹരിക്കുവാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് സാങ്കേതികത്വത്തിൽ കുടുങ്ങിയ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 27.10.2022 ന് ബഹു.വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ഫയൽ അദാലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, തുടങ്ങി വിവിധ വിഷയങ്ങളിൽ അഭിമുഖീകരിച്ചിരിന്ന പ്രശ്നങ്ങളെ സംബന്ധിച്ച നിരവധി പരാതികളിൽ/ഫയലുകളിൽ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും നിർവ്വഹണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വകുപ്പിന് സാധിച്ചിട്ടുണ്ട്. സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ തുക ചെലവഴിച്ചതിന്റെ ഭാഗമായി വാസയോഗ്യമായ വീട്, ഭൂരഹിതരായവർക്ക് ഭൂരഹിത പുനരധിവാസം, അംബേദ്കർ ഗ്രാമ വികസന പദ്ധതി, സഞ്ചാരയോഗ്യമായ റോഡ്, സമ്പൂർണ്ണ വൈദ്യുതീകരണം, കുടിവെള്ളം, കമ്മ്യൂണിറ്റി ഹാൾ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഒരുക്കുന്നതിനായി പഠനമുറികൾ, പോസ്റ്റ്മെട്രിക്/പ്രീമെട്രിക് സ്കോളർഷിപ്പുകൾ തുടങ്ങിയ സൗകര്യങ്ങളും തൊഴിലും മറ്റ് വരുമാനദായക സംരംഭങ്ങളും സൃഷ്ടിക്കുവാനായിട്ടുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതി യുവാക്കൾക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.<br><br>പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി പ്ലേസ്മെന്റ് മുഖേന സ്ഥിര ശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി, പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. ഓരോ സാമ്പത്തിക വർഷത്തെയും പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ പ്രവർത്തനങ്ങളുടെയും പട്ടികവിഭാഗങ്ങളുടെ ഉന്നമനത്തിനായി കമ്മീഷൻ നടത്തിയിട്ടുള്ള ഇടപെടലുകളുടെയും സംക്ഷിപ്ത രൂപം വാർഷിക റിപ്പോർട്ടുകളായും, കമ്മീഷന്റെ ഓരോ സാമ്പത്തിക വർഷത്തെയും വരവ് ചെലവ് കണക്കുകൾ വാർഷിക സ്റ്റേറ്റ്മെന്റ് ഓഡിറ്റ് ചെയ്ത വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളായും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ